# നീര എന്ന സ്വപ്നം തല്ലിക്കെടുത്തരുത്

## വിവാദങ്ങളിൽ നിന്ന് നീര ഉണ്ടാവില്ല

ഫിലിപ്പീൻസിലെ ജെറി തരായ് എന്ന കർഷകനു മൂല്യവർധിത ഉൽപന്നങ്ങൾ വഴി ഒരു തെങ്ങിൽ നിന്നു വർഷം 16,560 രൂപ വരുമാനം ലഭിക്കുന്നു എന്ന വാർത്ത വായിച്ചപ്പോൾ കേരളത്തിലെ കേരകർഷകർ അത്ര കാര്യമായെടുത്തിട്ടുണ്ടാവില്ല. എന്നാൽ, കൊല്ലത്തെ ഒരു കർഷകനു പതിനേഴു തെങ്ങിൽ നിന്ന് ഇക്കൊല്ലം സെപ്റ്റംബറിൽ നീരയിൽ നിന്നുമാത്രം 87,537 രൂപ വരുമാനം ലഭിച്ചു എന്ന വാർത്ത അദ്ഭുതത്തോടെയാണു മലയാളി കേട്ടത്. പാലക്കാട്ടു മുതലമടയിലെ മറ്റൊരു കർഷകന് അത്രയും തെങ്ങിൽനിന്നു കഴിഞ്ഞ മൂന്നുമാസത്തെ നീര വരുമാനമാകട്ടെ, ഒന്നരലക്ഷത്തിലധികം. കാർഷിക കേരളത്തിന്റെ ചരിത്രത്തിൽ മറ്റൊരു വിളയ്ക്കും ലഭിക്കാത്ത നേട്ടമാണിത്. നീരയുടെ വൻസാധ്യത കേരളം ഇനിയും അറിഞ്ഞുവരുന്നതേയുള്ളൂ. വിദേശവിപണിയിൽ വൻവിലയുള്ള പല ഉൽപന്നങ്ങളും നീരയിൽനിന്നു തുടർന്ന് ഉൽപാദിപ്പിക്കാനുമാവും.

എന്നാൽ, കോടികളുടെ മുതൽമുടക്കുമായി നീര സംസ്കരണ സംരംഭങ്ങൾ മുന്നോട്ടുപോകുമ്പോൾ പിന്തുണ നൽകേണ്ടവർ പറയുന്ന മുട്ടാപ്പോക്കുകൾ കേരളത്തിലെ കേരകർഷകരുടെ പ്രതീക്ഷകൾക്കു മങ്ങലേൽപ്പിക്കുകയാണ്. ചെത്താനുള്ള തെങ്ങുകൾക്ക് എക്സൈസ് വകുപ്പ് ലൈസൻസ് നൽകുന്ന കാര്യത്തിൽ ഇപ്പോഴും ഇഴച്ചിൽ തുടരുകയാണ്. ഗവൺമെന്റ് ഉത്തരവിൽ തന്നെയുള്ള അപാകതകളാണു ലൈസൻസ് നടപടിക്രമങ്ങൾ വൈകിക്കുന്നത്. നീര സംഭരണ, സംസ്കരണ ഫെഡറേഷനുകൾ ലൈസൻസിനു സമീപിക്കുമ്പോൾ സാങ്കേതികതടസ്സം പറഞ്ഞു മടക്കുകയാണെന്നു നാളികേര വികസന ബോർഡ് വൃത്തങ്ങൾ തന്നെ ചൂണ്ടിക്കാണിക്കുന്നു. നീര സംരംഭത്തിന്റെ പാതയിൽ മുന്നേറുന്ന കേരളത്തിലെ മുഴുവൻ ഫെഡറേഷനുകൾക്കും ലൈസൻസ് നൽകാനുള്ള നടപടി ഇനിയും വൈകിക്കൂടാ.

നീര യൂണിറ്റുകൾക്കു സംസ്ഥാന ബജറ്റിൽ 15 കോടി രൂപ വകയിരുത്തുന്നതായി സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഈ സബ്സിഡി പ്രതീക്ഷിച്ചു വൻ സാമ്പത്തികബാധ്യതയുള്ള സംരംഭവുമായി മുന്നോട്ടുപോയ കർഷക സ്ഥാപനങ്ങൾക്കു നാളിതുവരെ തുക കൈമാറിയിട്ടില്ല. തങ്ങൾക്കനുവദിച്ച സബ്സിഡി നീര സംരംഭകരുടെ പട്ടികയിലേക്ക് അപ്രതീക്ഷിതമായി എത്തിയ ചിലർ വിഴുങ്ങാൻ തയാറെടുക്കുന്നു എന്ന ഭീതിയും കർഷക ഫെഡറേഷനുകൾക്കുണ്ട്. തുക കൈമാറി സംരംഭവുമായി സധൈര്യം മുന്നോട്ടുപോകാൻ അവയെ തുണയ്ക്കേണ്ടതു സർക്കാരിന്റെ ധാർമിക ബാധ്യതയാണ്.

കേരള കാർഷിക സർവകലാശാലയുടേതുൾപ്പെടെ ആറു സാങ്കേതിക വിദ്യകളാണ് ഇപ്പോൾ നീര സംസ്കരണത്തിൽ ലഭ്യമായിട്ടുള്ളത്. എന്നാൽ, സർവകലാശാലയുടെ നീര സംസ്കരണ വിദ്യയിൽ കമ്പനികൾ പൊതുവേ താൽപര്യം കാണിക്കാത്തതിലുള്ള നീരസം നീരയോടുള്ള നിസ്സഹകരണത്തിലൂടെ കൃഷിവകുപ്പു പ്രകടിപ്പിക്കുകയാണെന്നു വിമർശനമുയർന്നിട്ടുണ്ട്.

നാളികേര വികസന ബോർഡ് ഇതുവരെ നീരയ്ക്കുവേണ്ടി നടത്തിയ അധ്വാനങ്ങളും അവയുടെ സദ്ഫലങ്ങളും കണ്ടില്ലെന്നു നടിക്കരുത്. കേരകർഷകരെ ത്രിതല സംവിധാനത്തിലൂടെ സംഘടിപ്പിച്ചു നാളികേര ബോർഡ് തുടങ്ങിയ ദൗത്യത്തിനു ഗുജറാത്തിലെ അമുൽ സംരംഭത്തോളം തന്നെ മഹത്വവും ഭാവിയുമുണ്ട്. ഇതിനെ നിരാകരിച്ചും ഇകഴ്ത്തിയും സൃഷ്ടിക്കുന്ന വിവാദങ്ങൾ കേരളത്തിലെ കർഷകർ ഗതിപിടിക്കാതിരിക്കുന്നതിലേ കലാശിക്കൂ. നീരയെ സംബന്ധിച്ച സാങ്കേതികക്കുരുക്കുകളും വിവാദങ്ങളും ഉടനടി പരിഹരിച്ച് കേരളീയ സമൂഹത്തിന്റെ പ്രതീക്ഷയ്ക്കു നിറംപകരാനാണു സർക്കാർ സംവിധാനങ്ങൾ ഉത്സാഹിക്കേണ്ടത്.